# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

മെയ് 03 ബുധൻ 2023

Volume: 03, Issue: 06

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## നിറഞ്ഞൊഴുകി ഓവുചാലുകൾ

**ജിനി ജോസഫ്**



*മഴ പെയ്തതിനെ തുടർന്ന് റോഡിൽ രൂപപ്പെട്ട വെള്ളക്കെട്ട്*

റീ ബിൽഡ് കേരളയുടെ ഭാഗമായി നിർമിക്കുന്ന എടൂർ പാലത്തുംകടവ് റോഡിൽ അങ്ങാടിക്കടവ് ഭാഗത്ത് കഴിഞ്ഞ ദിവസം പെയ്ത മഴയിൽ ഓവുചാലുകൾ നിറഞ്ഞു ചെളിവെള്ളം റോഡിലേക്കു ഒഴുകി. കാനകളുടെ പണി പൂർത്തിയാകാത്ത സാഹചര്യത്തിലാണ് മഴവെള്ളം റോഡിലേക്ക് കയറിയത്.

കല്ലും മണ്ണും നിറഞ്ഞ റോഡ് ഇരുചക്രവാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും യാത്ര ചെയ്യാൻ കഴിയാത്ത വിധം ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കാതെ അശാസ്ത്രീയമായി നിർമിച്ച ഓവുചാലുകൾ നിറഞ്ഞൊഴുകിയതിനെത്തുടർന്ന് നിർമാണ തൊഴിലാളികളെത്തി ഓവുചാലിന്റെ ഭിത്തികൾ ഇടിച്ച് മഴവെള്ളം ഒഴുകാനുള്ള താൽക്കാലിക സംവിധാനം ഒരുക്കി. എന്നാൽ മഴക്കാലം ആരംഭിച്ചാൽ കടകളിലേക്ക് വെള്ളം കയറുമോ എന്ന ആശങ്കയിലാണ് നാട്ടുകാർ.

കൂടാതെ ഡോൺ ബോസ്കോ കോളേജിന്റെ മുൻഭാഗത്ത് ഇരുവശങ്ങളിലുമുള്ള ടൈലുകൾ പൊട്ടിക്കിടക്കുന്നതായി കാണാം. പൊട്ടിയ ടൈലുകൾ മാറ്റുകയോ മഴവെള്ളം ഒഴുക്കിവിടാൻ സംവിധാനം ഒരുക്കുകയോ ചെയ്തിട്ടില്ല. അതിനാൽ മഴക്കാലം തുടങ്ങുന്നതിനു മുമ്പ് തന്നെ കാനകൾ വൃത്തിയാക്കി വെള്ളം അതിലൂടെ ഒഴുക്കിവിടാനുള്ള പണികൾ പൂർത്തിയാക്കണമെന്ന ആവശ്യമാണ് നാട്ടുകാർ ഉന്നയിക്കുന്നത്.

“നാട്ടുകാരുടെ ആവശ്യമനുസരിച്ച് പണി പൂർത്തിയാക്കുന്നതിന് കെ എസ് ടി പി (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്) ഉദ്യോഗസ്ഥർക്കും എം.എൽ.എ.യ്ക്കും കോൺട്രാക്ടർക്കും പരാതി കൊടുത്തിട്ടുണ്ട്‘. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

## “കരുതൽ” പാരന്റ് ട്രെയിനിംഗ് പ്രോഗാം നടത്തി

**ജോയ്സ് മേരി ജോർജ്**



*കരുതൽ പാരന്റ് ട്രെയ്നിംഗ് പ്രോഗ്രാമിൽ ഷിജോ ജോസഫ് ക്ലാസെടുക്കുന്നു*

അയ്യൻകുന്ന്: ദിശയുടെ(ഡോൺ ബോ സ്കോ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ആക്ഷൻ) നേതൃത്വത്തിലുള്ള ഡ്രീം പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിനു കീഴിലുള്ള എല്ലാ തൊഴിലുറപ്പ് ജീവനക്കാർക്കും വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗത്തെക്കുറിച്ച് അറിവ് നൽകാനും കുട്ടികളിലെ ലഹരി ഉപയോഗം തിരിച്ചറിഞ്ഞ് മുൻകരുതൽ എടുക്കുന്നതിനുമായി ‘കരുതൽ” പാരന്റ് ട്രെയിനിംഗ് പ്രോഗാം നടത്തി.

ഏപ്രിൽ 20, 21 തിയതികളിലായി രണ്ട് ഘട്ടമായാണ് ക്ലാസുകൾ സംഘടിപ്പിച്ചത്. ആദ്യ ഘട്ടത്തിൽ മുടിയിരിഞ്ഞി, മുണ്ടയാംപറമ്പ്, വാണിയപ്പാറ, മുരിക്കുംകരി, ഈന്തുംകരി, എന്നീ സ്ഥലങ്ങളിലും രണ്ടാം ഘട്ടത്തിൽ പാലത്തുംകടവ്, രണ്ടാംകടവ്, കൂമൻതോട്, എടപ്പുഴ, കച്ചേരിക്കടവ് എന്നിവിടങ്ങളിലുമായാണ് ക്ലാസുകൾ നടത്തിയത്. രണ്ടിടങ്ങളിലുമായി മുന്നൂറോളം പേർ പങ്കെടുത്തു.

ജില്ലാ കളക്ടറുടെ അനുമതിയോടെ എക്സൈസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ക്ലാസുകൾ സംഘടിപ്പിച്ചത്. ഡ്രീം പ്രോജക്ട് ഡയറക്ടർ ഫാ. സോജൻ പനച്ചിക്കലിന്റെ നേതൃത്വത്തിൽ ഷിജോ ജോസഫ് (കോർഡിനേറ്റർ ഓഫ് ഡ്രീം), ഡോണ ജോർജ് (കൗൺസിലർ) എന്നിവർ ക്ലാസെടുത്തു.

## മഴക്കാല രോഗങ്ങളെ കരുതിയിരിക്കാം

**പി വി മേഘ**

മഴക്കാലം വരുന്നതോടെ മഴക്കാല രോഗങ്ങളെ പറ്റിയുള്ള ആശങ്കയും ജനങ്ങളിൽ വർധിച്ചു വരുന്നു. മഴക്കാലമെന്നത് പകർച്ചവ്യാധികളുടെയും കാലമാണ്. എന്നാൽ കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ അവയെ പൂർണമായി ഇല്ലാതാക്കാൻ നമ്മുക്കു സാധിക്കും.

പ്രധാനമായും മൂന്നുതരം പകർച്ചവ്യാധികളാണ് മഴക്കാലത്ത് പ്രത്യക്ഷപ്പെടുന്നത്. ജലജന്യ രോഗങ്ങൾ, വാഹക ജീവികളിലൂടെ പകരുന്നവ, മറ്റ് കാരണം കൊണ്ട് ഉണ്ടാകുന്നവ.

ടൈഫോയ്ഡ്, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവ ജലത്തിലൂടെ പകരുന്ന രോഗങ്ങളാണ്. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നതിലൂടെയും വ്യക്തിശുചിത്വത്തിലൂടെയും നമ്മുക്ക് ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ സാധിക്കും.

ഈഡിസ് ഈജിപ്തി കൊതുകുകൾ വാഹകരായി പരത്തുന്ന രോഗമാണ് ചിക്കൻ ഗുനിയ, ഡെങ്കിപ്പനി എന്നിവ. വെള്ളം കെട്ടികിടക്കാനുള്ള സാഹചര്യം ഒഴിവാക്കിയാൽ തന്നെ ഈ രോഗങ്ങളെ പരമാവധി പ്രതിരോധിക്കാൻ കഴിയും.

എലിപ്പനി പോലുള്ള രോഗങ്ങൾ എലികൾ, കന്നുകാലികൾ, മറ്റ് വളർത്തുമൃഗങ്ങൾ എന്നിവയുടെ മൂത്രത്തിലൂടെ ബാക്ടീരിയ മണ്ണിലേക്ക് എത്തുകയും തുടർന്ന് ശരീരത്തിലെ മുറിവുകളിലൂടെ ശരീരത്തിൽ എത്തി രോഗം പകർത്തുന്നു. അതിനാൽ കൈകാലുകളിൽ മുറിവുള്ളപ്പോൾ മണ്ണിൽ ജോലി ചെയ്യുന്നത് സൂക്ഷിക്കു ക.

‘‘നിരവധി പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അവരുടെ ആരോഗ്യ ശീലങ്ങളിൽ ശ്രദ്ധ പുലർത്തണം’’ കരിക്കോട്ടകരി ഹെൽത്ത് ഇൻസ്പെക്ടർ യു ഷാജി പറഞ്ഞു.

### കൽപ്പറ്റ വാഹനാപകടം:

## ഡിയോണ വെന്റിലേറ്ററിൽ


ഇരിട്ടി: കൽപ്പറ്റയിൽ കാർ താഴ്ച്ചയിലോട്ട് മറിഞ്ഞ് മൂന്ന് വിദ്യാർത്ഥികൾ മരിച്ച സംഭവത്തിൽ കൂടെ യാത്ര ചെയ്തിരുന്ന ഒരാളുടെ നില ഗുരുതരമായി തുടരുന്നു. മരണമടഞ്ഞ പാലത്തിൻകടവ് ചെന്നേലിൽ അഡോണിന്റെ സഹോദരി ഡിയോണയാണ് ഒരാ ഴ്ചയായി വെന്റിലേറ്ററിൽ കഴിയുന്നത്.

ഡിയോണയെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ അരക്കോടി രൂപ ആവശ്യമാണ്. നാട്ടുകാരും സുഹൃത്തുക്കളും ചേർന്ന് ഡിയോണ ചെന്നേലിൽ ചികിത്സാ സഹായ സമിതി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുമനസുകളുടെ സഹായം തേടുന്നു.

രക്ഷാധികാരി അഡ്വ. സണ്ണി ജോസഫ് (എം എൽ എ പേരാവൂർ മണ്ഡലം), ചെയർമാൻ ജിന്റോ ജോസഫ് (പാലത്തുംകടവ് പള്ളി വികാരി). ഗൂഗിൾ പേ - 9526126113 (ചെയർമാൻ ജിന്റോ ജോസഫ്), 8281013978 (റോജസ് - സഹോദരൻ). ചെയർമാന്റെ പേരിൽ ഫെഡറൽ ബാങ്ക് വള്ളിത്തോട് ശാഖയിലെ 11740100177219 ാം നമ്പർ അക്കൗണ്ടിലേക്ക് സഹായങ്ങൾ നൽകാം

## അയ്യൻകുന്നിൽ നിരോധിത പ്ലാസ്റ്റിക് പരിശോധന നടത്തി

**ജിനി ജോസഫ്**



അയ്യൻകുന്ന് പഞ്ചായത്ത് പരിധിയിൽ ജില്ല എൻഫോഴ്സ്മെന്റ് ടീം നിരോധിത പ്ലാസ്റ്റിക് പരിശോധന ന

ടത്തി. എൻഫോഴ്സ്മെന്റ് ഓഫീസർ കെ. ആർ. അജയകുമാറിന്റെ നേതൃത്വത്തിൽ ഞായറാഴ്ച്ച കണ്ണൂരിൽ ആരംഭിച്ച റെയ്ഡിൽ വെള്ളിയാഴ്ച്ച ജില്ല എൻഫോഴ്സ്മെന്റ് ടീം അയ്യൻകുന്ന് പഞ്ചായത്തിൽ കരിക്കോട്ടക്കരി, വാണിയപ്പാറ എന്നീ സ്ഥലങ്ങളിലാണ് പരിശോധന നടത്തിയത്.

പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക്ക് കോട്ടർ ഉൽപ്പന്നങ്ങൾ, പൊതുവിടങ്ങളിൽ മാലിന്യങ്ങൾ ഒഴുക്കിവിടൽ, മാലിന്യം അലക്ഷ്യമായി കൂട്ടിയിടൽ, കച്ചവട സ്ഥാപനങ്ങളിലെ സാധനങ്ങൾ സംസ്ക്കരിക്കാൻ സംവിധാനം ഇല്ലാത്തത്, ഹരിത കർമ്മസേനയ്ക്ക് കൈമാറാത്തത്, മാലിന്യം അനുമതിയില്ലാതെ വാഹനത്തിൽ കൊണ്ടുപോകുന്നത് തുടങ്ങിയ ലക്ഷ്യത്തോടുകൂടിയാണ് പരിശോധന നടത്തുന്നത്. എൻഫോഴ്സ്മെന്റ് ടീം അയ്യൻകുന്ന് പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ വാണിയപ്പാറ ടൗണിൽ കണ്ടെത്തിയ മാലിന്യ നിക്ഷേപം സംബംന്ധിച്ച് കുറ്റക്കാർക്കെതിരെ നടപടിക്കായി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കല്യാടിക്കൽ ബിൽഡിങ്ങിന് പിറകിലായി വാണിയപ്പാറ തോടിന്റെ സമീപത്താണ് കുറെക്കാലമായി ചിലർ മാലിന്യ നിക്ഷേപം നടത്തുന്നതെന്ന കണ്ടെത്തിയത്. ഇതിനെത്തുടർന്ന് സ്ഥലം പരിശോധിച്ചു കിട്ടിയ തെളിവുകൾ സ്ക്വാഡ് ഗ്രാമപഞ്ചായത്തിന് കൈമാറി. കൂടുതൽ തെളിവുകൾ സംബം ന്ധിച്ച് തുടർ അന്വേഷണത്തിനും കുറ്റക്കാർക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കാനും പതിനായിരം രൂപ വീതം പിഴ ചുമത്താനും സ്ക്വാഡ് കർശന നിർദ്ദേശം നൽകി.

കരിക്കോട്ടക്കരി ടൗണിൽ നടത്തിയ പരിശോധനയിൽ ആശീർവാദ് ബേക്കറി, തടത്തിൽ ഹോം അപ്ലയൻസ്, ഹോട്ടൽ ഫുഡ് ഗാർഡൻ എന്നിവടങ്ങളിൽ നിന്ന് നിരോധിത ഒറ്റത്തവണ ഉപയോഗ വസ്തുക്കളും നിയമപ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്താത്ത പ്ലാസ്റ്റിക്ക് കവറുകളുമാണ് പിടിച്ചെടുത്തത്. മൂന്ന് സ്ഥാപനങ്ങൾക്കും പതിനായിരം രൂപ വീതം പിഴ ചുമത്തുകയും ചെയ്തു.

റെയ്ഡ് എൻഫോഴ്സ്മെന്റ് ടീം ലീഡർ റെജി പി.മാത്യു, എൻഫോഴ്സ്മെന്റ് ഓഫീസർ കെ. ആർ അജയകുമാർ, ശരീകുൽ അൻസാർ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടന്നത്.

## എഡിറ്റോറിയൽ

# അഴിമതിരഹിതമാകട്ടെ അദ്ധ്വാനങ്ങൾ

1886 മെയ് 1 നാണ് അന്താരഷ്ട്ര തൊഴിലാളി ദിനം ആചരിച്ചു തുടങ്ങിയത്. 8 മണിക്കൂറിൽ കൂടുതൽ പ്രവർത്തിക്കില്ലെന്ന് അമേരിക്കയിൽ തൊഴിലാളി യൂണിയനുകൾ ഒരുമിച്ച് തീരുമാനിച്ചു. ഇതിനായി സംഘടനകൾ പണി മുടക്കി. ഇതിനിടയിൽ മറ്റൊരു സംഭവം കൂടി ഉണ്ടായി. ചിക്കാഗോയിലെ ഹെയ് മാർക്കറ്റിൽ ഒരു ബോംബ് സ്ഫോടനം നടന്നു. ഇതേ തുടർന്ന് സ്ഥലത്തെത്തിയ പൊലീസ് തൊഴിലാളികൾക്ക് നേരെ വെടിയുതിർക്കുകയും നിരവധി തൊഴിലാളികൾ മരിക്കുകയും നൂറിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പിന്നീട് അന്താരാഷ്ട്ര സോഷ്യലിസ്റ്റ് കോൺഫറൻസിൽ ഹെയ് മാർക്കറ്റ് നാർസിസിൽ കൊല്ലപ്പെട്ട നിരപരാധികളോടുള്ള സ്മരണാർത്ഥം മെയ് 1 അന്താരഷ്ട്ര തൊഴിലാളി ദിനമായി ആചരിക്കുമെന്നും എല്ലാ തൊഴിലാളികും ഈ ദിവസം അണി ചേരുമെന്നും പ്രഖ്യാപിച്ചു.

ഏതൊരു തൊഴിലും ആദരിക്കപ്പെടേണ്ടതുണ്ട്. വിശപ്പകറ്റുന്ന അന്നത്തിനു പിറകിൽ എത്രയോ പേരുടെ അദ്ധ്വാനമുണ്ട്. മനുഷ്യന്റെ നിലനിൽപ്പിനു പിറകിൽ എത്രയോ പേരുടെ വിയർപ്പൊഴുകിയിട്ടുണ്ട്. കർഷകനും കളക്ടറും ഒരു പോലെ ആദരിക്കപ്പെടുന്ന പുനർനിർവചനം എന്നാണ് തൊഴിൽ മേഖലയിൽ ഉണ്ടാവുക?

അദ്ധ്വാനിക്കുന്നവന് അന്നം മുട്ടുമ്പോൾ അദ്ധ്വാനിക്കാതെ അന്നം കഴിക്കുന്ന അഴിമതി വീരൻമാരാണ് ഈ സമൂഹത്തിന്റെ ശാപമെന്നത് നിസ്തർക്കമായ യാഥാർത്ഥ്യമാണ്. റോഡ് നിയമങ്ങൾ സുരക്ഷിതമായി പാലിക്കാനും അപകടങ്ങൾ കുറക്കാനും സ്ഥാപിക്കപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ വികസനത്തിന്റെ പുതിയൊരു മുഖമാണ്. എന്നാൽ സേഫ് കേരള എന്ന മുഖംമൂടിയിൽ കെൽട്രോൺ വഴി 232 കോടി രൂപയുടെ പദ്ധതിയിൽ 75കോടി രൂപയുടെ കമ്മീഷൻ സ്വന്തമാക്കാനുള്ള പരിശ്രമം നടന്നെന്നറിയുമ്പോൾ വഞ്ചനയുടെ രസതന്ത്രമാണോ തൊഴിൽ മേഖലകളെ മലിനമാക്കുന്നതെന്ന് ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

അമേരിക്കൻ പ്രസിഡന്റായതിനു ശേഷം അബ്രഹാം ലിങ്കൺ വേദിയിൽ പ്രസംഗിക്കുമ്പോൾ ഒരാൾ എഴുന്നേറ്റ് നിന്ന് ലിങ്കണോടു പറഞ്ഞു. മിസ്റ്റർ ലിങ്കൺ, നിങ്ങളുടെ അച്ഛൻ എന്റെ കുടുംബത്തിന് ഷൂസ് ഉണ്ടാക്കി കൊടുത്തിരുന്ന കാര്യം നിങ്ങൾ മറക്കരുത്. ലിങ്കൺ ആ മനഷ്യനെ നോക്കി പറഞ്ഞു, "സർ നിങ്ങളുടെ കുടുംബത്തിനു വേണ്ടി എന്റെ അച്ഛൻ നിങ്ങളുടെ വീട്ടിൽ ഷൂസ് ഉണ്ടാക്കിയിരുന്നതായി എനിക്കറിയാം. അദ്ദേഹം ഒരു സൃഷ്ടാവായിരുന്നു. എന്റെ പിതാവിനെക്കുറിച്ച് ഞാൻ അഭിമാനിക്കുന്നു". ഏതൊരു ജോലിക്കും മാഹാത്മ്യമുണ്ട്. ആത്മാർത്ഥതയാണ് പ്രധാനം. അദ്ധ്വാനിക്കുന്നവന് ആദരവ് കിട്ടണം. അഴിമതിക്കാർ ശിക്ഷിക്കപ്പെടണം. വിവേചനത്താൽ, മലീമസമായ തൊഴിൽ രംഗങ്ങളിൽ സമമായ ആദരവിന്റെ സംസ്കാരം വളരണം.

—എഡിറ്റർ

# കോഴിനേർച്ച നടത്തി ഭക്തർ


**അക്ഷയ് തിലകൻ**

മുണ്ടയാംപറമ്പ് ഭഗവതി ക്ഷേത്രത്തിൽ കോഴിനേർച്ച നടത്തി ഭക്തർ. വെള്ളിയാഴ്ച രാവിലെ ക്ഷേത്രത്തിന്റെ താഴെക്കാവിൽ വച്ചാണ് നേർച്ച നടത്തിയത്.

കാവിൽ നിന്ന് പൂജിച്ചു വാങ്ങുന്ന കോഴി ഒരു കൊല്ലം വളർത്തി ഉദ്ദിഷ്ഠ കാര്യ സാഫല്യത്തിന് വേണ്ടി നേർച്ച നൽകിയത് പതിനായിരക്കണക്കിന് ഭക്തരാണ്. കോഴിച്ചോര കുരുതിയും കോഴിയിറച്ചി കൊണ്ട് പൊങ്കാലയും ഭഗവതിക്കായി നൽകി.

ദേവാസുര യുദ്ധത്തിൽ ചണ്ഡമുണ്ടന്മാരെ വധിച്ചതിനു ശേഷം ക്ഷിപ്രകോപിയായ ഭഗവതിയുടെ പ്രീതിക്കായാണ് നൂറ്റാണ്ടുകളായി നേർച്ച നടത്തി വരുന്നത്.

മേടപ്പിറ മഹോത്സവം എല്ലാ വർഷവും മേടം നാലിനാണ് നടത്തിവരുന്നത്. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഉത്സവത്തിൽ വലിയ തമ്പുരാട്ടി, ചെറിയ തമ്പുരാട്ടി, അറവില്ലാൻ, രാപ്പോത്തിയെൻ, ഇവരുടെ മക്കൾ എന്നിങ്ങനെ 9 തെയ്യങ്ങളും ഇതോടൊപ്പം സർവ്വ വിഘ്നങ്ങൾക്ക് പരിഹാരമായി നാളികേരം ഉടച്ചു കൊണ്ട് മറികൊത്തും ശുദ്ധി കലശവും നടത്തി വരുന്നു. എല്ലാ വർഷവും കോഴിക്കോട്, വടകര, മാഹി എന്നീ പ്രദേശങ്ങളിൽ നിന്നും ദേവിക്കായി നേർച്ച നൽകാൻ വളരെയധികം ആളുകൾ വരാറുണ്ട്. പ്രദേശവാസി വി. ദാമോദരൻ പറഞ്ഞു.




# പരിചമുട്ടിലെ പരിചയ സമ്പന്നൻ

**കെ വി ജിസ്ന ഷിഫ**

"ഒരു പിടി മണ്ണിന്നവകാശം
ചെറിയനുമില്ലേ സർക്കാരേ
തെരുവിലിറക്കുമതെന്തേ നീ
കരുണയിൽ ഞങ്ങൾ മതിയാക്കൂ.."

കാലഘട്ടം 1957. ഇ എം എസ് നമ്പൂതിരിപ്പാടിന്റെ സർക്കാർ കേരളം ഭരിച്ചിരുന്ന കാലം. വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ ബില്ല് പാസ്സാക്കുന്നു. പ്രതിഷേധവുമായി ജനങ്ങൾ തെരുവിലിറങ്ങുന്നു. അന്ന്, ആ വിമോചന സമരത്തിൽ പങ്കെടുക്കാനായി തൊമ്മനും കൂട്ടരും ആദ്യമായി പരിചമുട്ട് കളിക്കുന്നു. ഇങ്ങനെയാണ് അങ്ങാടിക്കടവ് അട്ടയോലി സ്വദേശി തൊമ്മൻ എടപ്പാറ പരിചമുട്ട് കളി ആരംഭിക്കുന്നതും അതിൽ അഗ്രഗണ്യനാവുന്നതും.



കലയെ ജീവനോളം സ്നേഹിക്കുന്ന തൊമ്മൻ ചേട്ടന്റെ എല്ലാമാണ് പരിചമുട്ട് കളി. തിരുവിതാംകൂറിൽ പൗലോ ആശാന്റെ കീഴിൽ പരിശീലിച്ച അടവുകളൊന്നും 86 ാം വയസ്സിലും അദ്ദേഹം മറന്നിട്ടില്ല. ഇത്ര വർഷങ്ങൾക്കിപ്പുറവും ഇതൊക്കെ എങ്ങനെ ഓർത്തു വയ്ക്കുന്നു എന്ന ചോദ്യത്തിന് ചേട്ടൻ പറയുന്നു''ഒന്നും മറക്കില്ല, മറന്നാലേ... ശെരി യാവൂല്ല''.

തിരുവിതാംകൂറിൽ നിന്നും മലബാറിലേക്ക് ചേക്കേറിയതിന് ശേഷമാണ് പരിചമുട്ട് പരിശീലനം ആരംഭിക്കുന്നത്. അന്ന് തുടങ്ങിയ പരിശീലനം ഇന്നും അദ്ദേഹം തുടരുന്നു. ഇതിനിടെ ഒട്ടേറെ ശിഷ്യന്മാരെ വളർത്തിയെടുക്കുകയും ചെയ്തു. വിവിധ കലാ സാംസ്കാരിക സംഘടനകൾ ആദരിച്ച അദ്ദേഹം സ്കൂൾ കോളേജ് കലോത്സവങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ കലോത്സവക്കാലമായാൽ തൊമ്മൻ ചേട്ടന് ആവശ്യക്കാർ ഏറെയാണ്.

ഇപ്പോൾ സ്കൂൾ കോളേജ് കലോത്സവങ്ങളിൽ മാത്രം ഒതുങ്ങിപ്പോയ പരിചമുട്ട് കളിയുടെ എല്ലാ രൂപങ്ങളും ഭാവങ്ങളും അറിഞ്ഞവനാണ് അദ്ദേഹം. കേരളത്തിലെ നസ്രാണികൾക്കിടയിൽ പതിനാറാം നൂറ്റാണ്ടിൽ ഉടലെടുത്ത പരിചമുട്ട് കളി വേദപുസ്തക സംഭവങ്ങളുടെ ആവിഷ്ക്കാരത്തിന് പുറമെ, അതുകൊണ്ടുതന്നെ മറ്റേതൊരു കലയെപ്പോലെയും അഭിപ്രായ പ്രകടനങ്ങൾക്കും ഉപയോഗിച്ചിരുന്നു. പള്ളിപ്പെരുന്നാളിനും മറ്റ് കലാ സാംസ്കാരിക വേദികളിലും നിറ സാന്നിധ്യമായിരുന്ന പരിചമുട്ട് കളിയിൽ പ്രാവീണ്യം നേടിയെടുത്ത തൊമ്മൻ ചേട്ടന് പറയാനും പാടാനും ഏറെയുണ്ട്. ''പാട്ട്, ചുവട്, എല്ലാം കൂടെ ഒത്തുവരണം. പാട്ട് പാടിയതുകൊണ്ട് കാര്യമില്ല, താളം വേണം. എല്ലാം കൂടെ ഒത്തുവന്നാലേ അത് പരിചമുട്ട് കളി ആവുകയുള്ളൂ''

12 പേരടങ്ങുന്ന ടീമാണ് പരിചമുട്ടിനാവശ്യം. ഏറ്റവും കുറഞ്ഞത് 10 പേർ. തൊമ്മൻ ചേട്ടന്റെ ഭാഷയിൽ പറഞ്ഞാൽ ''10 പേരെങ്കിലും ഇല്ലെങ്കിൽ അരങ്ങില്ല''. ആദ്യ കാലങ്ങളിൽ പരിചമുട്ട് കളിക്ക് ഉപയോഗിച്ചിരുന്നത് വടിയും പരിചയുമായിരുന്നു. ഇന്ന് അത് വാളും പരിചയുമാണ്. ഒപ്പം കളരിപ്പയറ്റും. കൂടാതെ 12 ൽനിന്ന് ഏഴിലേക്ക് എണ്ണവും ചുരുങ്ങി. വടിക്ക് പകരം വാൾ വന്ന് തുടങ്ങിയതിൽ പിന്നെ തൊമ്മൻ ചേട്ടൻ പതിയെ കളം വിടാൻ തീരുമാനിച്ചു, ശേഷം പരിശീലനത്തിൽ മാത്രം ഒതുങ്ങി പരിചമുട്ട് കളി അതിന്റെ തനത് ശൈലിയിൽ തന്നെ കളിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

പരിചമുട്ട് പരിശീലനത്തോടൊപ്പം ചെണ്ടമേളം, സർക്കസ് എന്നിവയും അഭ്യസിച്ച ഇദ്ദേഹം അഞ്ച് വർഷം സർക്കസ് കമ്പനിയിൽ ജോലി ചെയ്തിട്ടുമുണ്ട്. ഇതിനുപുറമെ ഒരു മേസ്തിരി കൂടിയാണദ്ദേഹം. തൊമ്മൻചേട്ടനും ഭാര്യ മറിയക്കുട്ടിക്കും ഒൻപത്മക്കളാണ്. മക്കളെ കുറിച്ചു പറയുമ്പോൾ ചേട്ടൻ ചിരിച്ചുകൊണ്ട് പറയും ''അതും ഒരു നേട്ടമാണ്''.

ഇപ്പോഴും ഒരു ചുവട് പോലും തെറ്റാതെ, താളം മാറാതെ പരിചമുട്ട് കളിക്കാൻ അദ്ദേഹത്തിന് കഴിയും. പക്ഷെ തന്റെ ടീമിലെ കൂടുതൽ പേരും ഇപ്പോൾ ഇല്ല. അതിന്റെ വിഷമത്തിലാണ് ആളിപ്പോൾ. ഒപ്പം ഒരാഗ്രഹവും കൂടി പറഞ്ഞു. ''വരുന്ന പള്ളിപ്പെരുന്നാളിന് ഒന്നും കൂടെ കളിച്ചാൽ കൊള്ളാമെന്നുണ്ട്''. ഇതും പറഞ്ഞ് ഇരുന്നിരുന്ന കസേരയിൽ താളം പിടിച്ച് അദ്ദേഹം പാടുകയാണ്

'ഐദവിലുള്ളൊരു പെട്ടി കിട്ടി
പെട്ടി തുറന്നപ്പം കത്ത് കിട്ടി കത്ത്
വായിച്ചപ്പം ഹൃദയം പൊട്ടി
എന്റെ ഹൃദയം പൊട്ടി.....'









For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ജോയ്സ് മേരി ജോർജ് | സബ് എഡിറ്റേഴ്സ്: കെ വി ജിസ്ന ഷിഫ, പി വി മേഘ, അക്ഷയ് തിലകൻ, ജിനി ജോസഫ് | ഫോട്ടോഗ്രാഫേഴ്സ്: അക്ഷയ് തിലകൻ, ജിനി ജോസഫ് | ഡിസൈൻ: ജിസ്ന ഷിഫ, അഞ്ജന വിൻസന്റ്